പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1518 14.12.2012- ൽ മറുപടിക്ക്

## പ്രവാസി ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;<br><br>(ബി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | (എ & ബി) വിദേശത്ത് ജോലി ചെയ്യുന്ന/താമസിക്കുന്നവർക്കും വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത/താമസിച്ച ശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർക്കും കേരളത്തിനു പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് കുറഞ്ഞത് ആറ് മാസമായി താമസിച്ചുവരുന്നവർക്കും, പ്രവാസി ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകരുടെ പ്രായം 18 നും 55 നും മദ്ധ്യേ ആയിരിക്കണം. രജിസ്ട്രേഷൻ ഫീസ് ഒരംഗത്തിന് 200 രൂപയാണ്. ഡിമാന്റ് ഡ്രാഫ്റ്റ്/ചെലാൻ മുഖാന്തിരമാണ് രജിസ്ട്രേഷൻ ഫീസ് സ്വീകരിക്കുന്നത്.<br><br>പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് താഴെപറയുന്ന ക്ഷേമപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>1. അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ള 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ.<br><br>2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.<br><br>3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ |

ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ.

4. അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

5.അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് അനുവദനീയമായ അളവിൽ ധനസഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പസഹായം.

8.മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വായ്പ.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസി ക്ഷേമനിധി ബോർഡ് എത്രപ്രാവശ്യം യോഗം ചേർന്നു; നിലവിലെ അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കമോ?

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവാസി ക്ഷേമ ബോർഡ് യോഗം ചേർന്നിട്ടില്ല. 20/11/2012 തീയതിയിലെ സ.ഉ.(കയ്യെഴുത്ത്) 10/2012/നോർക്ക നമ്പർ ഉത്തരവ് പ്രകാരം പ്രവാസി ക്ഷേമബോർഡ് താഴെപ്പറയുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

I. പ്രവാസികേരളീയർ (വിദേശം) പ്രതിനിധീകരിക്കുന്ന ഡയറക്ടർമാർ

1. ശ്രീ. ജോപ്പച്ചൻ തെക്കേക്കുറ്റ്,
   പ്രസിഡന്റ്, ഇൻകാസ്, ദോഹ, ഖത്തർ .
2. ശ്രീ. ഷറഫുദ്ദീൻ കണ്ണേത്ത്,
   കുവൈറ്റ് ഫൈനാൻസ് ഹൌസ്(ഹെഡ് ഓഫീസ്),
   പി. ഒ. ബോക്സ് 24989, സഫാത്ത് 13110, കുവൈറ്റ്.
3. ശ്രീ. എബ്രഹാം ജോൺ ,
   നെടുംതുരുത്തി മ്യാലിൽ , പ്രസിഡന്റ്,
   യു.ജി. എം. എ., ജർമനി.
4. ശ്രീ. വർഗ്ഗീസ് പുതുകുളങ്ങര,
   കുവൈറ്റ്, പി. ഒ. ബോക്സ് 9088,
   അഹ്മദി - 61001, കുവൈറ്റ്.

5. ശ്രീ. എം. ജി. പുഷ്പാകരൻ ,
പി. ഒ. ബോക്സ് 6473, ദുബായ്.

II. പ്രവാസികേരളീയർ (ഭാരതം) പ്രതിനിധീകരിക്കുന്ന ഡയറക്ടർമാർ

6. ശ്രീ. ഐസക്ക് തോമസ്,
തിരുവനന്തപുരം.
7. ശ്രീ. പരീത് കരേക്കാട്,
വടക്കുംപുറം പി.ഒ., വളാഞ്ചേരി(വഴി), മലപ്പുറം.

III. സർക്കാരിനെ പ്രതിനിധീകരിക്കുന്ന ഡയറക്ടർമാർ

8. സെക്രട്ടറി, നോർക്ക വകുപ്പ്.
9. സെക്രട്ടറി, നിയമ വകുപ്പ്.
10. സെക്രട്ടറി, തൊഴിൽ വകുപ്പ്.
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
12. മാനേജിംഗ് ഡയറക്ടർ , ഒ. ഡി. ഇ. പി. സി.
13. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,
കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്.
14. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,
നോർക്ക – റൂട്ട്സ്.
15. അഡ്വ. പി. എം. എ. സലാം,
ചെയർമാൻ ,
പീച്ചമണ്ണിൽ വീട്, തിരൂരങ്ങാടി പി.ഒ.,
മലപ്പുറം - 676 306.

സെക്ഷൻ ഓഫീസർ